# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 448 28.06.2011 - ൽ മറുപടിക്ക്**

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ മരണാനന്തര ആശ്രിത നിയമനത്തിനുള്ള അപേക്ഷകളുടെ വിശദാംശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ പാലോട് രവി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും, നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ (ഹാൻവീവ്) മരണാനന്തര ആശ്രിത നിയമനത്തിനുള്ള എത്ര അപേക്ഷകർ നിയമനം കാത്തു കഴിയുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ നിലവിൽ മരണാനന്തര ആശ്രിത നിയമനത്തിനുള്ള 6 അപേക്ഷകളിന്മേൽ തീരുമാനമാകാനുണ്ട്. |
| (ബി) ഇത്തരം അപേക്ഷകളിന്മേൽ എത്ര നാൾക്കുള്ളിൽ തീരുമാനം കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | (ബി) ആശ്രിത നിയമനത്തിനായി 2 പ്രാവശ്യമായി പ്രൊപ്പോസലുകൾ ഹാൻവീവിൽ നിന്നും ലഭിച്ചിട്ടുണ്ട്. അപ്രകാരം ഹാൻവീവിൽ നിന്നും 5.12.2009 -ൽ ലഭിച്ച 2 അപേക്ഷകളിലും 31.07.2010 -ൽ ലഭിച്ച 4 അപേക്ഷകളിലും തുടർ നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) കഴിഞ്ഞ 5 വർഷത്തിനിടെ ഹാൻവീവിൽ എത്ര പേർക്ക് മരണാനന്തര ആശ്രിത നിയമനം ലഭിച്ചിട്ടുണ്ട്? | (സി) കഴിഞ്ഞ 5 വർഷത്തിനിടെ ഹാൻവീവിൽ ആർക്കും മരണാനന്തര ആശ്രിത നിയമനം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ